LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച നേരിടുന്നതിന് നടപടി

*16 [136] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. ചെന്താമരാക്ഷൻ:
,, വി. കെ. സി. മമ്മത്കോയ:
,, പീരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ച നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) രൂക്ഷമായ വരൾച്ചയെത്തുടർന്ന് ഏതെല്ലാം ജില്ലകളാണ് വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വരൾച്ചയുടെ ഫലമായി ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) വരൾച്ച നേരിടുന്നതിനായി ജില്ലാ കളക്ടർമാർ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പഴയ കിണറുകളും, കുളങ്ങളും ശുചീകരിക്കുന്നതിനും, ജലസ്രോതസ്സുകൾ നവീകരിക്കുന്നതിനും, കുഴൽക്കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും, കുടിവെള്ളക്ഷാമം അതിരൂക്ഷമായ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളെ പൂർണ്ണമായും വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി—ഇ) എല്ലാ മേഖലകളിലേയും നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി പ്രത്യേക സഹായത്തിനായി സമഗ്രമായ ഒരു മെമ്മോറാണ്ടം കേന്ദ്രത്തിന് സമർപ്പിക്കുവാനായി തയ്യാറാക്കി വരുന്നു.

മണ്ണ് ഖനനംമൂലം നാശോന്മുഖമാകുന്ന നദികൾ

*17 [137] ശ്രീ. എൻ ശക്തൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, പി. ടി. തോമസ്:
,, എ. പി. അനിൽകുമാർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ നിന്നുള്ള മണ്ണ് നീക്കം ചെയ്യൽമൂലം സംസ്ഥാനത്തെ ഏതെല്ലാം നദികൾ നാശോന്മുഖമാകുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്;

(ബി) മണ്ണ് നീക്കം ചെയ്യൽമൂലം ഏതെല്ലാം നദികളിലെ ഒഴുക്ക് ഇല്ലാതായിട്ടുണ്ട്;

(സി) വാളയാർ നദിയിൽനിന്ന് എർത്ത് മൂവർ ഉപയോഗിച്ച് മണ്ണ് ഖനനം ചെയ്യുന്നതായി അറിവുണ്ടോ;

(ഡി) ഈ പ്രവൃത്തി നദിക്കും, ചെക്ക് ഡാമിനും, വാളയാർ ഡാമിനും ഹാനികരമായിത്തീരുമെന്ന് ആരിൽ നിന്നെല്ലാം ജില്ലാ കളക്ടർക്ക് പരാതി കിട്ടിയിട്ടുണ്ട്;

(ഇ) പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടിയെടുത്തു?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കരമനയാറ്, നെയ്യാർ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, കുറുമാലിപ്പുഴ, കരുവന്നൂർ, പെരിയാർ എന്നീ നദികളും, പത്തനംതിട്ട ജില്ലയിലെ എല്ലാ നദികളും മണൽവാരൽമൂലം ഒരു പരിധിവരെ നാശത്തിന് കാരണമാകുന്നുണ്ടെന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പാലക്കാട് ജില്ലയിൽ ചുള്ളിമട പാട കർഷക സമിതി, കിഴക്കേ അടപ്പളം പാടശേഖര സമിതി, നെല്ലിശ്ശേരി പാടശേഖര സമിതി, കനാൽ പിരിവ് പാടശേഖര സമിതി എന്നിവയിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയിൽ പുഴയ്ക്ക് സമീപത്തുള്ള സ്വകാര്യ ഭൂമിയിൽനിന്നും മണ്ണ് ഖനനം ചെയ്യുവാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പാസ്സ് നൽകിയിരുന്നു. പരാതി കിട്ടിയിട്ടുള്ള ടി പാസ്സുകൾ റദ്ദ് ചെയ്യുവാൻ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ജിയോളജിസ്റ്റ് അത് റദ്ദ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ ബന്ധപ്പെട്ട കക്ഷികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൻമേൽ ഉത്തരവായതിൻപ്രകാരം അഡ്വക്കേറ്റ് കമ്മീഷണർ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-12-2003-ലെ ഡബ്ല്യു.പി. (സി) 39722/03 നമ്പർ വിധിപ്രകാരം വീണ്ടും പാസ്സ് അനുവദിക്കുവാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി

*18 [598] ശ്രീ. എ. കെ. ബാലൻ:
„ പി. ജയരാജൻ:
„ കെ. രാധാകൃഷ്ണൻ:
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly